2230
1/2119

File No.FWLD-A1/2/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തെന്മല ഡിവിഷൻ - ആര്യങ്കാവ് റെയിഞ്ച് - തലപ്പാറ സ്റ്റേഷനിലെ അഴിമതികൾ-ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ.ഉ.(സാധാ) നം.22/2019/വനം** തിരുവനന്തപുരം,
തീയതി, 19/01/2019

---

പരാമർശം:- (1) 27.10.2011ലെ 5870/എ1/2011/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) സ.ഉ.(സാധാ) നം.300/2013/വനം തീയതി 16.08.2013, സ.ഉ.(സാധാ) നം.471/2013/വനം തീയതി 21.11.2013

(3) 24.12.2014 ലെ ശെന്തുരുണി വൈൽഡ് ലൈഫ് വാർഡന്റെ എസ്.ഡി11-1032/2012 നമ്പർ അന്വേഷണ റിപ്പോർട്ട്

(4) 18.07.2016, 06.03.2018 എന്നീ തീയതികളിലെ 2303/എ1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(5) 19.01.2017, 05.04.2018 എന്നീ തീയതികളിൽ ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച വിശദീകരണം

(6) 14.06.2017-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ ബി2-7471/10 നമ്പർ കത്ത്

(7) 02.11.2018-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1-1/50022/2018/KPSC നമ്പർ കത്ത്.

## ഉത്തരവ്

ആര്യങ്കാവ് റെയിഞ്ചിലെ തലപ്പാറ സ്റ്റേഷനിലെ അഴിമതികളുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് പരാമർശം (1) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) കോട്ടവാസൽ ഭാഗത്ത് നെഞ്ചുയരത്തിൽ 30 സെ.മീ. മുകളിൽ വണ്ണമുള്ള 24-ൽ അധികം ചന്ദന മരങ്ങൾ മാർക്ക് ചെയ്യാതെ നിർത്തി എന്യൂമറേഷനിൽ നിന്നും ഒഴിവാക്കിയത് വഴി എന്യൂമറേഷൻ ജോലികൾക്ക് ശരിയായ മേൽ നോട്ടം നൽകുന്നതിൽ പരാജയപ്പെട്ടു.

(ii) 2009 ൽ എന്യൂമറേഷൻ നടത്തിയ 1999 അക്കേഷ്യാ പ്ലാന്റേഷൻ, 2000 യൂക്കാലി പ്ലാന്റേഷൻ എന്നിവ 23.04.2009-ൽ ഫ്ലൈയിംഗ് സ്ക്വാഡ് പരിശോധിച്ചതിൽ ഒരു ചന്ദന മരം മുറിച്ച് വേരുകൾ ഉൾപ്പെടെ നീക്കം ചെയ്തതിന്റെ ബാക്കി ഭാഗങ്ങൾ കണ്ടെത്തുകയും മറ്റ് 10 ചന്ദന മരങ്ങൾ കൂടി മുറിച്ച് നീക്കം ചെയ്യപ്പെട്ടതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഒ.ആർ.9/09 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. മരം മുറിയ്ക്ക് മഹസ്സർ പ്രകാരം 6 മാസം മുതൽ ഒരു വർഷം വരെ കാലപ്പഴക്കം കണ്ടെത്തിയിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ജീവനക്കാർ യഥാസമയം കണ്ടെത്തി നടപടി എടുക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം സർക്കാരിന് 1,10,000/- രൂപയുടെ നഷ്ടം ഉണ്ടാകുവാൻ കാരണക്കാരനായി.

(iii) 24.04.2009 ൽ ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗം തലപ്പാറ സെക്ഷനിൽ നടത്തിയ പരിശോധനയിൽ 10 ചന്ദന മരങ്ങൾ ചുവട് തോണ്ടി വേരോടെ നീക്കം ചെയ്തതായും മറ്റ് 12 മരങ്ങൾ കൂടി നീക്കം ചെയ്തതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഒ.ആർ.11/09 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി കുറ്റകൃത്യത്തിന് 6 മാസം മുതൽ 2 വർഷം വരെ പഴക്കം കാണുകയും കുറ്റകൃത്യം യഥാസമയം കണ്ടെത്തി നടപടി എടുക്കാതിരുന്നതു മൂലം സർക്കാരിന് 2,20,000/-രൂപ നഷ്ടം ഉണ്ടാകുവാൻ കാരണക്കാരനായി.

(iv) ഒ.ആർ. 8/09, 9/09, 11/09, 16/09 എന്നീ കേസുകൾ യഥാസമയം തടയുന്നതിലും യഥാസമയം കണ്ടെത്തി മേൽ നടപടി സ്വീകരിച്ച നഷ്ടപ്പെട്ട തൊണ്ടികളും കൃത്യം ചെയ്ത പ്രതികളെയും ഉപയോഗിച്ച ആയുധങ്ങളും കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി..

(v) ആര്യങ്കാവ് കോട്ടവാസൽ ചന്ദനം പ്രൊട്ടക്ഷൻ ഏരിയായിൽ 2007 ,2008 വർഷത്തിൽ മസ്റ്റൂർ വാച്ചർമാരെ നിയമിച്ചു എന്ന വ്യാജ രേഖ ചമച്ച് 9596/- രൂപ സർക്കാർ ഖജനാവിൽ നിന്നും തട്ടിയെടുത്തു.

(vi) മേൽ പ്രവൃത്തി വഴി ടിയാൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി.

2) കുറ്റപത്രത്തിന് ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നില്ല. തുടർന്ന്

ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാരോപിതന്റെ നിരപരാധിത്വം തെളിയിക്കുന്നതിനുമായി ഔപചാരികാന്വേഷണത്തിന് പരാമർശം (2) പ്രകാരം ഉത്തരവായി.

3) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം ( 3 ) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അഭിപ്രായസഹിതം ലഭ്യമാക്കി.

4) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്.

കോട്ടവാസൽ ഭാഗത്തെ എന്യൂമറേഷൻ ജോലികൾ കൃത്യമായി നടന്നിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി സ്ഥലത്തെ എന്യൂമറേഷൻ ജോലികളിൽ വീഴ്ച വന്നിട്ടുണ്ട്. അതിൽ പ്രസ്തുത സമയത്തെ റെയിഞ്ചാഫീസർ ആയ ശ്രീ.കെ.എം.ശ്രീകുമാറും കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതാണ്. 2, 3 ചാർജ്ജുകളെ സംബന്ധിച്ച് ചന്ദനമരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന വസ്തുത ശരിയാണ്. ടി കുറ്റകൃത്യം തടയുവാൻ സാധിക്കാത്തത് കൃത്യ നിർവ്വഹണത്തിലുള്ള വീഴ്ചയായി കണക്കാക്കാം. കൂടാതെ കുറ്റകൃത്യം കണ്ടുപിടിച്ച കാലയളവിൽ ടി റെയിഞ്ചിൽ റെയിഞ്ചോഫീസറായി ജോലി ചെയ്തിരുന്ന, ചാർജ്ജ് നൽകപ്പെട്ടിട്ടുള്ള കുറ്റാരോപിതനായിട്ടുള്ള ശ്രീ.കെ.എം.ശ്രീകുമാർ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിരുന്നു.

ഒ.ആർ16/09-ാംാം നമ്പർ കേസിൽ തൊണ്ടി മുതലുകളും പ്രതികളെയും കണ്ടെത്തി യഥാസമയം കോടതിയിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആയത് യഥാസമയം തടയുന്നതിൽ സ്റ്റാഫ് വീഴ്ച വരുത്തിയിട്ടുള്ളതാണ്. ഒ.ആർ.08/09, 09/09, 11/09 നമ്പർ കേസുകൾ യഥാസമയം തടയുന്നതിനോ, തൊണ്ടി മുതലുകളോ, ആയുധങ്ങളോ, പ്രതികളെയോ കണ്ടെത്തുന്നതിനോ കഴിഞ്ഞിട്ടില്ലായെന്ന് തെളിഞ്ഞിട്ടുള്ളതാണ്.

രവീന്ദ്രൻ എന്നയാളുടെ പേരിൽ മസ്ദൂർ വാച്ചറായി എൻ.എം.ആർ എഴുതി 9596/- രൂപ മാറി എടുത്തതിൽ കൃത്രിമം നടന്നിട്ടുള്ളതായി ബോധ്യപ്പെടുന്നതാണ്. രേഖകൾ പരിശോധിക്കുമ്പോൾ ടി.രവീന്ദ്രൻ എന്ന പേരിൽ ഒപ്പിട്ടിരിക്കുന്നത് വ്യത്യസ്തമായിട്ടുള്ളതാണെന്ന് ബോധ്യപ്പെടുന്നു. കൃത്രിമം നടത്തിയിട്ടുള്ളതിന്റെ ഉത്തരവാദിത്വം മസ്റ്റർ റോളിൽ ഹാജർ മാർക്ക് ചെയ്ത സെക്ഷൻ സ്റ്റാഫ്, സാക്ഷ്യപ്പെടുത്തിയ സെക്ഷൻ ഫോറസ്റ്റർ, റെയിഞ്ച് ഓഫീസർ എന്നിവർക്കാണ്.

5) ഔപചാരികാന്വേഷണത്തിൽ ശ്രീ.കെ.എം.ശ്രീകുമാറിനെതിരെയുള്ള അഞ്ച് ചാർജ്ജുകളും തെളിഞ്ഞതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു.അന്വേഷണ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും വിശദമായി പരിശോധിച്ചു. അന്വേഷണ റിപ്പോർട്ടിൽ ചന്ദനത്തടികളുടെ വിലനിർണ്ണയം നടത്തിയത് സ്വീകാര്യമായിട്ടുള്ളതല്ലായെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടില്ല. ഈ വിഷയത്തിൽ നഷ്ടപ്പെട്ട ചന്ദനമരങ്ങളിൽ നിന്നും 132 കിലോഗ്രാം ചന്ദനത്തടി മുറിച്ചു നീക്കം ചെയ്തിട്ടുള്ളതായും അതുവഴി 3,30,000/-രൂപ സർക്കാരിന് നഷ്ടമുണ്ടായതായി വ്യക്തമായി. തുടർന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ചന്ദനമരങ്ങൾ നഷ്ടപ്പെട്ടതു വഴിയുണ്ടായ

സർക്കാർ നഷ്ടമായ 3,30,000/-രൂപയിൽ ആനുപാതിക വിഹിതമായ 23,571/-രൂപ (ഇരുപത്തിമൂവായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) (3,30,000/14) ടിയാന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്നതിനും, 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(iii) പ്രകാരം രണ്ട് വാർഷികവേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുന്നതിനും തീരുമാനിച്ചുകൊണ്ട് ടിയാന് പരാമർശം (4) ലെ 18.07.2016 ലെ കത്ത് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

6) പ്രസ്തുത നോട്ടീസിന് ടിയാൻ പരാമർശം (5) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം അഭിപ്രായമറിയിച്ചു. തുടർന്ന് സ്വാഭാവിക നീതി ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 19.09.2017 ൽ നേരിൽ കേട്ടു.

7) നേരിൽ കേട്ട സമയത്ത് ടിയാൻ ഉന്നയിച്ച വാദമുഖങ്ങളും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും, ബന്ധപ്പെട്ട ഫയലുകളും വിശദമായി പരിശോധിച്ചു. കോട്ടവാസൽ ഭാഗത്തെ ചന്ദനമരങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തയ്യാറാക്കിയതിൽ കോട്ടവാസൽ ഭാഗത്ത് 47 ചന്ദനമരങ്ങൾ ഉണ്ടെന്നു പറഞ്ഞിരിക്കുന്നതല്ലാതെ പൊക്കമോ GBH-ഓ രേഖപ്പെടുത്തിയിരുന്നില്ല എന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്. കോട്ടവാസൽ ഭാഗത്ത് എന്യൂമറേഷൻ നടത്തിയതിന്റെ രേഖ അന്വേഷണ സമയത്ത് ഹാജരാക്കിയിരുന്നില്ല. 30 സെ.മീ.ൽ അധികം വണ്ണമുള്ള 24 ൽ അധികം ചന്ദനമരങ്ങൾ എന്യൂമറേഷനിൽ നിന്ന് ഒഴിവാക്കിയതു വഴി ശരിയായ മേൽനോട്ടം വഹിക്കുന്നതിൽ പരാജയപ്പെട്ടു എന്ന ചാർജ്ജ് തെറ്റാണെന്നു സ്ഥാപിക്കാനായിട്ടില്ല. ടി വിഷയത്തിൽ നഷ്ടപ്പെട്ട മരങ്ങളുടെ കൃത്യമായ അളവോ കാലപ്പഴക്കമോ വിലനിർണ്ണയം കണക്കാക്കിയ രീതിയോ സ്വീകാര്യമല്ലായെങ്കിലും മരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. മരങ്ങൾ നഷ്ടപ്പെട്ട എന്നതിനാലും ഒ.ആർ. കേസുകളിലെ വീഴ്ചകളും നിലനിൽക്കുന്നത് വഴി ഉത്തരവാദിത്വപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥനെന്ന നിലയിൽ കൃത്യ നിർവ്വഹണത്തിൽ ടിയാന് വീഴ്ച വന്നിട്ടുള്ളതിനാലും മരങ്ങളുടെ നഷ്ടം കണക്കാക്കിയത് അശാസ്ത്രീയ രീതിയിലാണെങ്കിലും മരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന സംഗതി നേരിൽ കേൾക്കുന്ന സമയത്ത് ടിയാൻ അംഗീകരിച്ചിട്ടുള്ളതിനാലും നിശ്ചയിച്ച ശിക്ഷ പുനഃക്രമീകരിച്ച് 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(VA) പ്രകാരം 'ഒരു വാർഷികവേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് തീരുമാനിച്ചുകൊണ്ട് ടിയാന് പരാമർശം (4) ലെ 06.03.2018 ലെ കത്ത് പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി.

8) ശ്രീ.കെ.എം.ശ്രീകുമാർ, പുതുക്കിയ കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (5) ലെ 05.04.2018 ലെ കത്ത് പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ മുൻപ് ഉന്നയിച്ചിട്ടുള്ള വാദങ്ങൾ തന്നെ ആവർത്തിച്ചിരുന്നതിനാലും ടി വിശദീകരണം പരിഗണനാർഹമല്ലാത്തതിനാലും പുതുക്കിയ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം അഭ്യർത്ഥിച്ചു. കമ്മീഷൻ സർക്കാരിന്റെ തീരുമാനത്തോട് യോജിച്ചതായി പരാമർശം (7) പ്രകാരം അറിയിച്ചു.

9) മേൽ പ്രതിപാദിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററായ ശ്രീ.കെ.എം.ശ്രീകുമാറിന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

ഉത്തരവിൻ പ്രകാരം

Digitally signed by BIJI K

Date: 2019.01.1[illegible] 17:06:19 IST

Reason: Approved

സെക്ഷൻ ഓഫീസർ